**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1210** **07-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ഇരിങ്ങണ്ണൂർ -കല്ലാച്ചേരി കടവ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ ഇരിങ്ങണ്ണൂർ -കല്ലാച്ചേരി കടവ് പാലം നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (എ) | പ്രസ്തുത പ്രവൃത്തിക്ക് 10കോടി രൂപയുടെ ഭരണാനുമതിയും, 10.14 കോടി രൂപയുടെ കിഫ്ബിയിൽ നിന്നുമുള്ള സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലം ഏറ്റെടുപ്പിനായുള്ള ഉത്തരവും ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി കോഴിക്കോട് ജില്ലയുടെ ഭാഗത്ത് പുരോഗമിച്ചുവരുന്നു. എന്നാൽ കണ്ണൂർ ഭാഗത്ത് സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം ഭൂമി ഏറ്റെടുക്കൽ തുടങ്ങുവാൻ സാധിച്ചിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാരത്തിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.09.2021 ന്ന പദ്ധതി അവലോകനയോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് എം എൽ എ മാരുടെ നേതൃത്വത്തിൽ സ്ഥലമുടമകൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് യോഗം ചേരാൻ തീരുമാനക്കുകയുണ്ടായി. സ്ഥലമേറ്റെടുപ്പിന്റെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്ക് 10കോടി രൂപയുടെ ഭരണാനുമതിയും, 10.14 കോടി രൂപയുടെ കിഫ്ബിയിൽ നിന്നുമുള്ള സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പാലത്തിന്റെ അനുബന്ധ റോഡിന്റെ സ്ഥലം ഏറ്റെടുപ്പിനായുള്ള ഉത്തരവും ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി കോഴിക്കോട് ജില്ലയുടെ ഭാഗത്ത് പുരോഗമിച്ചുവരുന്നു. എന്നാൽ കണ്ണൂർ ഭാഗത്ത് സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം ഭൂമി ഏറ്റെടുക്കൽ തുടങ്ങുവാൻ സാധിച്ചിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാരത്തിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.09.2021 ന പദ്ധതി അവലോകനയോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് എം എൽ എ മാരുടെ നേതൃത്വത്തിൽ സ്ഥലമുടമകൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് യോഗം ചേരാൻ തീരുമാനക്കുകയുണ്ടായി. സ്ഥലമേറ്റെടുപ്പിന്റെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ